
ഡോ.സി.രാമചന്ദ്രൻ

# സുസ്ഥിര മത്സ്യബന്ധനവും പങ്കാളിത്ത ഭരണനിർവഹണവും



> സമുദ്രമത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ആഗോളതല ത്തിൽ തന്നെ നിലനിൽക്കുന്ന ആശങ്കകളും അതിന്റെ പരി ഹാരത്തിൽ പങ്കാളിത്ത ഭരണ നിർവഹണത്തിനുള്ള പ്രാധാ ന്യവും ചർച്ച ചെയ്യുന്നു.

മത്സ്യബന്ധന നിപുണതയുള്ള ആർക്കും നിർബാധം കടന്നുചെല്ലാവുന്ന തൊഴിലിടം എന്ന നിലയിലുള്ള ഒരു പൊതുവിഭവം എന്ന് പൊതുവേ പരിഗണിക്കപ്പെടുന്നതിനാൽ, സ്വത്തവകാശ രാഷ്ട്രീയസമസ്യകളുടെ സാമൂഹ്യശാസ്ത്രപരമായ വിശകലനത്തിന് അടുത്തയിടെ മാത്രം വിധേയമാക്കപെട്ട ഒന്നാണ് സമുദ്ര മത്സ്യ മേഖലയിലെ ഭരണനിർവഹണം എന്ന വിഷയം.

ചരിത്രപരമായി, മത്സ്യസമൃദ്ധിയുടെ ആദ്യ നാളുകളിൽ കേവലം മത്സ്യക്കൊയ്ത്ത് സാങ്കേതികവിദ്യകളുടെ സമർഥമായ വിന്യാസവും കമ്പോളസജ്ജീകരണങ്ങളും ഈ രംഗത്തെ വികസനസമവാക്യങ്ങളെ അടയാളപ്പെടുത്തിയിരുന്നു എങ്കിൽ വിഭവത്തകർച്ചയുടെ സന്ദേഹങ്ങൾ അത്തരം സമവാക്യങ്ങളെ അപ്രസക്തമാക്കുന്നു എന്നത് ഇന്നിന്റെ തിരിച്ചറിവ് .

വ്യാവസായിക വിപ്ലവം കൊണ്ടുവന്ന യന്ത്രവത്കരണവും രണ്ടാം ലോകമഹായുദ്ധവും വിവരവിപ്ലവവും കൊണ്ടുവന്ന മത്സ്യനിരീക്ഷണവിദ്യകളും അവസാനത്തെ മീനിനെപ്പോലും പിടിച്ചെടുക്കുവാൻ മനുഷ്യനെ പ്രാപ്തനാക്കിയത്, സമുദ്ര ആവാസവ്യവസ്ഥയിലെ സ്വാഭാവിക ഭക്ഷ്യശൃംഖലയെ തെല്ലൊന്നുമല്ല അലോസരപ്പെടുത്തിയത്.

ഉണ്ടാവുക,ഒന്ന് മറ്റൊന്നിനെ തിന്നുക എന്ന സമീകരണത്തിൽ ജീവിക്കുക, അടുത്ത പരമ്പരയ്ക്ക് ജന്മം നൽകുക, മരണമടയുക, ജൈവചാക്രികതയുടെ വിസ്മയം തുടരുക ഇതാണ് സമുദ്ര ഭക്ഷ്യശൃംഖലയിലെ സ്വാഭാവികത.

ഇരകളും ഇരപിടിയന്മാരും തമ്മിലുള്ള ജൈവശാസ്ത്രപരവും ആവാസവ്യവസ്ഥാ ശാസ്ത്രപരവും ആയ കൊടുക്കൽവാങ്ങൽ ബന്ധങ്ങൾ കൊണ്ട് പ്രകൃത്യാ നിർണയിക്കപ്പെട്ടിരിക്കുന്ന ഈ സ്വാഭാവിക സന്തുലിതാവസ്ഥ, മനുഷ്യനെന്ന അതിബുദ്ധിമാനായ ഇരപിടിയന്റെ പ്രവേശനത്തോടെ തകിടം മറിയുന്നു.

വാങ്ങൽശേഷിയുടെ കുതിപ്പിനനുസരിച്ച് ,പിടിച്ചു പിടിച്ചു മീൻവല നിറയ്ക്കുന്ന അവന് പോകെപ്പോകെ സ്വന്തം വലച്ചുവട്ടിലെ കടൽ കാലിയാക്കുന്ന മണ്ടത്തരം വൈകി മാത്രം വരുന്ന ഒരു വെളിപാടായി മാറുന്നു എന്നത് മത്സ്യബന്ധനരംഗത്തിനു മാത്രം അവകാശപ്പെട്ട ഒരു ഇക്കോളജിക്കൽ തമാശയാണ് എന്ന് തോന്നുന്നു.

മീൻ പിടിക്കുക എന്ന,ജീവസന്ധാരണത്തിന്റെ



വൈയക്തികയുക്തിയിൽ തികച്ചും ശരിയായ ഒരു തീരുമാനം ,സമഷ്ടിയുടെ യുക്തിയിൽ ആനമണ്ടത്തരം ആകുന്നത് മീൻപിടിത്തപ്രക്രിയകൾ ആവാസ വ്യവസ്ഥയിൽ സൃഷ്ടിക്കുന്ന ആഘാതത്തിന്റെ സമഗ്രചിത്രം അനുസരിച്ച് ദീർഘവീക്ഷണത്തോടെ മത്സ്യക്കൊയ്ത്തിനെ ചിട്ടപ്പെടുത്തുവാൻ വിമുഖത കാട്ടുന്നതുകൊണ്ടാണ്. ഇവിടെയാണ് ഫിഷറീസ് ശാസ്ത്രവും പങ്കാളിത്ത ഭരണനിർവഹണവും കൈകോർക്കുന്നത്,കൈകോർക്കേണ്ടത്.

## എന്താണ് സുസ്ഥിര മത്സ്യബന്ധനം?

ബാങ്കിൽ നിക്ഷേപിക്കപ്പെട്ട മൂലധനം പ്രദാനം ചെയ്യുന്ന പലിശ മാത്രം എടുക്കുക എന്ന വിവേക ബുദ്ധി നിക്ഷേപകനു കൈമോശം വന്നാൽ എന്താണോ സംഭവിക്കുക അതുതന്നെയാണ് അനിയന്ത്രിത മത്സ്യ ബന്ധനത്തിന്റെ കാര്യത്തിലും സംഭവിക്കുന്നത്. വിത്തിറക്കി വിളവെടുക്കുന്ന കൃഷിയിൽ നിന്ന് വ്യത്യസ്തമായി, കടൽമീനിന്റെ കാര്യത്തിൽ പ്രകൃതിയാണ് ഈ പലിശ നമുക്ക് നൽകുന്നത്. സമുദ്രാവാസ വ്യവസ്ഥയിലെ സ്വാഭാവിക സമതുലിതാവസ്ഥ നിലനിർത്തിക്കൊണ്ടുതന്നെ ഈ പലിശ അഥവാ മിച്ചം പരമാവധി വിളവെടുപ്പ് നടത്തുമ്പോൾ മാത്രമേ സാമ്പത്തികവും ജൈവികവുമായ സുസ്ഥിരത ഉറപ്പാക്കാനാകൂ. പരമാവധി സുസ്ഥിര വിളവ് ( Maximum Sustainable Yield-MSY ) എന്ന് ശാസ്ത്രീയമായി ഗണിക്കപ്പെട്ടിരിക്കുന്ന ഈ ലക്ഷ്മണരേഖ അതിലംഘിക്കുമ്പോൾ സംഭവിക്കുന്നതാണ് അമിത മത്സ്യബന്ധനം.

പിടിച്ചെടുക്കുന്ന മീനിന്റെ അളവ് ഈ ലക്ഷ്മണരേഖയുടെ ഇപ്പുറത്തു തന്നെ നിലനിർത്തുന്ന വിധത്തിൽ മത്സ്യബന്ധന ശ്രമശക്തിയെ ശാസ്ത്രീയമായി വിന്യസിക്കുക എന്ന തന്ത്രമാണ് ഒട്ടുമിക്ക വികസിത രാഷ്ട്രങ്ങളും സുസ്ഥിരത ഉറപ്പാക്കുവാനായി പ്രയോഗിക്കുന്നത്. “എത്ര പിടിച്ചെടുക്കുന്നു” എന്ന കണക്കെടുപ്പിന്റെ കൃത്യതയെ ആധാരമാക്കിയുള്ള സങ്കീർണമായ ജൈവ-ഗണിത പ്രവചനത്തിലൂടെ “എത്ര പിടിച്ചെടുക്കാം” എന്ന് സൂചിപ്പിക്കുന്ന പരമാവധി സുസ്ഥിരവിളവിനെ അടിസ്ഥാനമാക്കി മാത്രം മീൻപിടിത്തം ക്രമീകരിക്കുക എന്നത് ശാസ്ത്രബുദ്ധ്യാ അസാധ്യമല്ല എങ്കിലും, ഇതിനെ തീക്ഷ്ണമായി ആശ്രയിക്കുന്ന ക്വോട്ട സമ്പ്രദായം നമ്മുടെ സാമ്പത്തിക,ജൈവിക സാഹചര്യങ്ങൾക്ക് തത്കാലം നിരക്കുന്നതല്ല.

## എങ്കിൽ നമ്മുടെ മുമ്പിലുള്ള മാർഗം എന്താണ്?


യന്ത്രവത്കരണം കൊണ്ടുവന്ന സൗഭാഗ്യങ്ങൾ നിലനിർത്തണമെങ്കിൽ സമുദ്രാവാസവ്യവസ്ഥയുടെ സമഗ്രചിത്രത്തെ അടിസ്ഥാനമാക്കി രൂപീകരിക്കുന്ന ‘നിയന്ത്രണവത്കരണ’മെന്ന പുതിയ ‘സാങ്കേതികവിദ്യ’ സർവാത്മനാ കൈക്കൊള്ളുക മാത്രമാണ് നമ്മുടെ മുമ്പിലുള്ള വഴി. സമുദ്രമത്സ്യബന്ധനത്തിന്റെ. കാര്യത്തിൽ പരിപാലനോന്മുഖമായ അഞ്ചുതരം നിയന്ത്രണ മാർഗങ്ങളാണ് ഉള്ളത്. ലോകത്തെവിടെയും ഈ ‘പഞ്ചതന്ത്രം’ അല്ലാതെ മറ്റു മാർഗങ്ങൾ ഇല്ല എന്നും നാം ഓർക്കണം.

**താഴെ കൊടുത്തിരിക്കുന്ന പട്ടിക ശ്രദ്ധിക്കുക:**



***സുസ്ഥിര സമുദ്ര മത്സ്യബന്ധനത്തിനായുള്ള അഞ്ചുതരം നിയന്ത്രണ മാർഗങ്ങൾ***

| മാർഗം | ഉദാഹരണം |
|---|---|
| 1.ഇൻപുട്ട് (മത്സ്യബന്ധനസാമഗ്രികളുടെ നിയന്ത്രണം) | ലൈസൻസ്, രജിസ്ട്രേഷൻ; യാനത്തിന്റെ എണ്ണം,വലിപ്പം, കുതിരശക്തി ,വലയുടെ വലിപ്പം,എണ്ണം, മത്സ്യ നിരീക്ഷണ ഉപകരണങ്ങൾ എന്നിവയുടെ നിയന്ത്രണം |
| **2.ഔട്ട് പുട്ട് (പിടിച്ചെടുക്കാവുന്ന മീനിന്റെ അളവിൽ പരിധി)** | പരമാവധി സുസ്ഥിര വിളവ് കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ വ്യക്തിഗതമോ കൂട്ടായോ ഓരോ മത്സ്യത്തിനും ക്വോട്ട അനുവദിച്ച് നിയന്ത്രണ വിധേയമായ രീതിയിൽ മത്സ്യബന്ധനം നടത്തുക . മറ്റൊരാൾക്ക് ക്വോട്ട മറിച്ചു വിൽക്കുകയും ആകാം. |
| 3. മീൻപിടിത്ത/കാലം, | പ്രജനന കാലം കണ്ടെത്തി മീൻപിടിത്തം നിയന്ത്രിക്കുകയോ ഒഴിവാക്കുകയോ ചെയ്യുക. |
| 4. സ്ഥലം | മീൻപിടിത്തത്തിനു ദൂരപരിധി, ആഴ പരിധി ; മീൻതാവളങ്ങൾ അടയാളപ്പെടുത്തി സംരക്ഷിക്കൽ, |
| 5. സാങ്കേതികം | വലക്കണ്ണി വലിപ്പം, ആകൃതി; പിടിച്ചെടുക്കാവുന്ന മീനിന്റെ ഏറ്റവും കുറഞ്ഞ വലിപ്പം; മീൻ രക്ഷാകവാടങ്ങൾ വലകളിൽ ഘടിപ്പിക്കൽ |





> കഴിഞ്ഞ രണ്ടു ദശകത്തിലധികമായി നടപ്പാക്കപ്പെടുന്ന മൺസൂൺ കാല ട്രോളിങ് നിരോധനം മുതൽ , അടുത്തകാലത്ത് കൊണ്ടുവന്ന മിനിമം ലീഗൽ സൈസ് നിയമം വരെയുള്ള ഇടപെടലുകൾ വഴി കേരളം മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങൾക്ക് മാതൃകയായി മാറി എന്നത് അഭിമാനകരമാണ്.

പട്ടിക പരിശോധിക്കുമ്പോൾ വ്യക്തമാകുന്ന കാര്യം രണ്ടാം മാർഗം ഒഴികെയുള്ളവ ഏറെക്കുറെ നമ്മൾ നിയമസാധുതയോടെതന്നെ പ്രയോഗത്തിൽ കൊണ്ടുവന്നുകഴിഞ്ഞു എന്നതാണ്. പക്ഷെ, കേന്ദ്ര സമുദ്രമത്സ്യ ഗവേഷണകേന്ദ്രം സമാഹരിക്കുന്ന മീൻ ക്യാച്ചിലെ അനുമാനക്കണക്കുകൾ സൂചിപ്പിക്കുന്നത് മത്സ്യ സഞ്ചയങ്ങളുടെ സ്വാഭാവിക വളർച്ചാനിരക്കിനു ആനുപാതികമായല്ല നമ്മുടെ മൊത്തം മത്സ്യബന്ധന ശ്രമം വർധിക്കുന്നത് എന്നാണ്. മത്തിയുടെ ലഭ്യതയിൽ മുൻവർഷം രേഖപ്പെടുത്തിയ വൻ ഇടിവ് ഈ ആശങ്കയ്ക്ക് ബലം കൂട്ടുന്നു. ലഭ്യത കുറയുമ്പോൾ വില കൂടുന്ന അവസ്ഥ, അനിയന്ത്രിത മത്സ്യബന്ധനശ്രമത്തിനു തടയിടുക എന്ന മുൻകരുതൽ സമീപനത്തിന്റെ മുനയൊടിക്കുകയും ആപത്ക്കരമായ വിഭവശോഷണം നിഷേധിക്കുന്ന ഒരുതരം "മായക്കാഴ്ച്ചക്ക്" മത്സ്യത്തൊഴിലാളികളെ വശംവദരാക്കുകയും ചെയ്യുന്നു. ഒട്ടും ആശാസ്യമായ ഒരു സ്ഥിതിവിശേഷമല്ല ഇവിടെ അനാവരണം ചെയ്യപ്പെടുന്നത്. എന്താണ് യഥാർഥത്തിൽ സംഭവിക്കുന്നത് എന്ന് കൃത്യമായി മനസ്സിലാക്കുവാൻ എളുപ്പമല്ലാത്ത തരത്തിൽ (ജ്ഞാന-രീതിശാസ്ത്രപരമായ) ഒരു പാട് അനിശ്ചിതതത്ത്വങ്ങൾ അടക്കിവാഴുന്ന ഒരു രംഗമാണ് സമുദ്ര മത്സ്യമേഖല എന്ന വസ്തുത, ശാസ്ത്ര സാങ്കേതിക വിദ്യകൾ ഒരുപാട് വികസിച്ചുകഴിഞ്ഞ ഇക്കാലത്ത് ഒരു വിരോധാഭാസമായി തോന്നാം. എന്നാൽ വാസ്തവം അതാണ്. പ്രത്യേകിച്ചും പ്രായോഗികതലത്തിൽ. ഈ ബോധ്യം അന്താരാഷ്ട്രസമൂഹം അംഗീകരിച്ചതിന്റെ ഉത്തമദൃഷ്ടാന്തമാണ് 'മുൻകരുതൽ സമീപനം' എന്ന തത്ത്വത്തെ അടിസ്ഥാനമാക്കി ലോക ഭക്ഷ്യ കാർഷിക സംഘടന 1995ൽ രൂപീകരിച്ചതും ഇന്ത്യ ഉൾപ്പെടെ 170 ൽ പരം ഐക്യരാഷ്ട്രസഭ അംഗരാഷ്ട്രങ്ങൾ ഒപ്പ് വെച്ചതുമായ "ഉത്തരവാദ മത്സ്യബന്ധന പെരുമാറ്റച്ചട്ടം".

എന്താണ് മുൻകരുതൽ സമീപനം എന്ന് ചട്ടം വിശദമാക്കുന്നത് ശ്രദ്ധിക്കേണ്ട സംഗതിയാണ്.
"വേണ്ടത്ര ശാസ്ത്രീയ അറിവുകളുടെ അഭാവം എന്നത്, പ്രത്യേക ലക്ഷ്യത്തോടെയോ അല്ലാതെയോ പിടിക്കുന്നതോ അവയെ

ആശ്രയിക്കുന്നതോ ആയ മത്സ്യജനുസ്സുകളുടെയും അവയെ ഉൾക്കൊള്ളുന്ന ആവാസവ്യവസ്ഥയുടെയും സംരക്ഷണത്തിനായുള്ള ശ്രമങ്ങൾ നടപ്പിലാക്കാതെ ഇരിക്കുന്നതിനോ നീട്ടി വെയ്ക്കുന്നതിനോ ഒരു കാരണമായി ഉപയോഗിക്കുവാൻ പാടില്ല" (ചട്ടം 6.5). ശാസ്ത്രവീക്ഷണമല്ല സുരക്ഷയാണ് പ്രാഥമികം എന്ന് സാരം .

ശാസ്ത്രീയമായ ഫിഷറീസ് പരിപാലന സംവിധാനത്തിന്റെ മുഖമുദ്ര ആയി വാഴ്ത്തപ്പെട്ടിരുന്ന "കനേഡിയൻ കോഡ്" മത്സ്യ സഞ്ചയം വാണിജ്യപരമായി 1992 ൽ അമ്പേ തകർന്നതോടെയാണ് ഇത്തരം ഒരു ചുവടുമാറ്റത്തിന് കളമൊരുങ്ങിയത്. ഇന്നേവരെ കോഡ് മീൻപിടിത്തം അവിടെ അനുവദിക്കപ്പെട്ടിട്ടില്ല എന്ന കാര്യം അടിവരയിട്ട് ഓർക്കേണ്ടതുണ്ട്. നീണ്ട 25 വർഷത്തെ മത്സ്യബന്ധന നിരോധനം പോലും കോഡ് മത്സ്യസഞ്ചയത്തെ വാണിജ്യപ്രാപ്തിയോടെ തിരികെ കൊണ്ടുവരുവാൻ പര്യാപ്തമായില്ല! നമ്മുടെ മത്തിയുടെ സമീപകാല ഗതി കോഡ് മത്സ്യത്തിന് പര്യായമാണോ എന്ന സംശയം ഉയരാം. മുൻകാല തകർച്ചകളുടെ ചരിത്രം സൂചിപ്പിക്കുന്നത് തിരികെവരുവാനുള്ള സഹജ ശക്തി (അനുകൂല പാരിസ്ഥിതിക ഘടകങ്ങൾ ഒത്തുവരുമ്പോൾ) മത്തിക്ക് കൂടുതലായി ഉണ്ടെന്നാണ്. പക്ഷെ, 'കുടുംബം പുലർത്തി'യെന്ന ഖ്യാതി ഇന്നും അന്വർഥമാക്കുന്ന മത്തിയുടെ വാണിജ്യപ്രാധാന്യവും ,മറ്റു മത്സ്യങ്ങളുടെ പ്രധാന ആഹാരം എന്ന നിലയിൽ ആവാസവ്യവസ്ഥയിൽ (വളർച്ചയുടെ വിവിധഘട്ടങ്ങളിലൂടെ) മത്തിക്കുള്ള ജൈവികസ്ഥാനവും കണക്കിലെടുക്കുമ്പോൾ മുൻകരുതൽ സമീപനത്തിന്റെ സാംഗത്യം അംഗീകരിക്കപ്പെടാതെ വയ്യ.

പട്ടിക വ്യക്തമാക്കുന്ന പഞ്ചതന്ത്രത്തിനപ്പുറം മാർഗങ്ങൾ ഇല്ലാത്തതിനാലും ക്വോട്ട സമ്പ്രദായം പ്രായോഗികമല്ലാത്തതിനാലും നാല് മാർഗങ്ങളുടെ വ്യാപ്തിയും പ്രയോഗവും വർധിപ്പിക്കുക എന്നതാണ് കരണീയം.

## സമുദ്ര ആവാസ വ്യവസ്ഥ: സമഗ്ര ചിത്രം

ഐക്യരാഷ്ട്രസഭ മുന്നോട്ടുവെച്ച, ലോക സമുദ്രങ്ങളുടെ ഭരണഘടന എന്നറിയപ്പെട്ട 'സമുദ്ര നിയമം' അംഗീകരിക്കപ്പെട്ടതിനുശേഷം പ്രാഥമികമായി സുസ്ഥിര മത്സ്യബന്ധനപരിപാലനം എന്നത്

മത്തിയുടെ തിരോധാനത്തിനു പ്രതിരോധം തീർക്കുവാൻ മുന്നോട്ടുവന്നത് നമ്മുടെ മത്സ്യത്തൊഴിലാളികൾ തന്നെയാണ് എന്ന വസ്തുത സുസ്ഥിര പരിപാലനത്തിന്റെ പുതിയകാല ദിശാബോധം വ്യക്തമാക്കുന്നു.



ഒരു ഭരണകൂട ഉത്തരവാദിത്വം ആണെന്നതിൽ തർക്കമില്ല. നമ്മുടെ രാജ്യത്തെ സമുദ്രതീര സംസ്ഥാനങ്ങൾക്ക് അർഹതപ്പെട്ട 12 നോട്ടിക്കൽ മൈൽ വരെയുള്ള സമുദ്രവിസ്തൃതിയിൽ ലഭ്യമായ ജൈവവിഭവങ്ങളുടെ സുസ്ഥിരപരിപാലന ഉത്തരവാദിത്വം പൂർണമായി നിക്ഷിപ്തമായിരിക്കുന്നത് അതത് സമുദ്രതീര സംസ്ഥാനങ്ങൾക്കാണ്. എന്നാൽ, സമുദ്രമത്സ്യങ്ങളുടെയും മത്സ്യബന്ധനരീതികളുടെയും സ്ഥലാതീതാവസ്ഥ, സമുദ്ര ജലരാശിയുടെ നോട്ടിക്കൽ വിഭജനമെന്ന പരിപാലന മാനദണ്ഡയുക്തിക്ക് പരിമിതിയും തിരിച്ചടിയും ആകുന്നു. 12 നോട്ടിക്കൽ മൈലിനും അപ്പുറത്തേക്ക് സംസ്ഥാനാധികാരം വ്യാപിപ്പിക്കണമെന്ന ആശയം ഒറ്റനോട്ടത്തിൽ ആകർഷകമായി തോന്നാം. പക്ഷേ രാജ്യസുരക്ഷയുടെയും പരിപാലന നയങ്ങളുടെയും പ്രായോഗികതയിലൂടെ ആലോചിക്കുമ്പോൾ അതിൽ ഒളിഞ്ഞിരിക്കുന്ന പ്രശ്നങ്ങളെപ്പറ്റി ജാഗരൂകരാകേണ്ടതുണ്ട്. സീമാതീതമായ സ്ഥലവ്യാപ്തി എന്ന ആശയം മത്സ്യവിഭവ സമൃദ്ധിയുടെ കാലത്ത് ഒരു പരിപാലനസമസ്യ ആയി മാറുവാനുള്ള സാധ്യതകൾ കുറവായിരുന്നു. അനിയന്ത്രിത മത്സ്യബന്ധനം എന്ന പ്രശ്നത്തിന് ഇന്നത് ഒരു പരിഹാരമല്ല. മാത്രവുമല്ല, തങ്ങൾക്കുകൂടെ അനുവദിക്കപ്പെട്ട ജലരാശിയിൽ സുസ്ഥിര പരിപാലനം നടപ്പാക്കുന്നതിലെ പരാജയം സമ്മതിച്ചു കൊടുക്കുന്നതിനു തുല്യവുമാകും ആ വാദം. സുസ്ഥിര പരിപാലനം ആണ് ലക്ഷ്യമിടുന്നതെങ്കിൽ നമുക്ക് വേണ്ടത് ഒന്നാമതായി, 12 നോട്ടിക്കൽ വിസ്തൃതിയിലെ സമുദ്ര ആവാസവ്യവസ്ഥയുടെ സമഗ്രമായ ശാസ്ത്രീയ ചിത്രം നിർമിക്കുക എന്നതാണ്. സൂക്ഷ്മ-സ്ഥൂല ജൈവവൈവിധ്യം, ഭക്ഷ്യ ശ്യംഖലയിലെ ഇര -ഇരപിടിയൻ ബന്ധങ്ങൾ, പ്രാഥമിക ജൈവ ഉത്പാദനക്ഷമത, അടിത്തട്ടിന്റെ ഭൗതിക-ജൈവിക അവസ്ഥ, മലിനീകരണത്തിന്റെ തോത് , മത്സ്യ ബന്ധനവും കാലാവസ്ഥാ വ്യതിയാനവും മത്സ്യസഞ്ചയങ്ങളുടെ പുനരുത്പാദന ശേഷിയിൽ ഉണ്ടാക്കിയ മാറ്റങ്ങൾ, എന്നിങ്ങനെ വിവിധ ഘടകങ്ങൾ പഠന വിധേയമാക്കി പരമാവധി സുസ്ഥിര വിളവ് അടുത്ത അഞ്ചു വർഷത്തേക്ക് എടുക്കുവാൻ അനുവദിക്കുന്ന തരത്തിൽ മീൻകൊയ്ത്ത് തന്ത്രങ്ങൾ ആവിഷ്കരിക്കുകയാണ് വേണ്ടത്. ഫിഷറീസ് വികസന ചിന്തയിൽ എന്നും മുന്നിലുള്ള കേരളം ഈ ആശയം ഏറ്റെടുത്താൽ മറ്റു സമുദ്രതീര സംസ്ഥാനങ്ങളും പങ്കാളികളാവുകയോ ഒപ്പം മുന്നോട്ടു വരികയോ ചെയ്യും. ഏറ്റവും ഉത്പാദനക്ഷമതയുള്ളതും അതിനാൽ തന്നെ ഏറ്റവും കൂടുതൽ മത്സ്യ ത്തൊഴിലാളികളുടെ ആശ്രയവും തീരക്കടലാണ് എന്ന കാര്യം വിസ്മരിക്കരുത്.

**പങ്കാളിത്ത ഭരണ നിർവഹണം**

ലോകത്തെവിടെയും പ്രതിസന്ധിയിൽ ജന്മം കൊള്ളുന്നതും പ്രതിസന്ധിയാൽ നയിക്കപ്പെടുന്നതുമാണ് സമുദ്ര മത്സ്യബന്ധന പരിപാലനശാസ്ത്രവും പരിപാലനസംവിധാനവും. കടലുമായി നിരന്തരം ഇടപെടുന്ന മത്സ്യത്തൊഴിലാളികൾ തന്നെയാണ് സമുദ്ര മത്സ്യപരിപാലനത്തിന്റെ കണ്ണും കാതും. സാങ്കേതിക വിദ്യയുടെയും ബ്യൂറോക്രസിയുടെയും അതിപ്രസരത്തിൽ മീനാള ജാഗ്രതയും പങ്കാളിത്തവും നഷ്ടമായതാണ് കോഡ് മീൻ സഞ്ചയത്തിന്റെ പതനത്തിൽ കലാശിച്ചതെന്ന് ഇന്ന് തിരിച്ചറിയപ്പെടുന്നു എന്നത് രസാവഹമാണ്. മത്സ്യസമ്പത്തിന്റെ സമഗ്ര പരിപാലനം അവരുടെ പങ്കാളിത്തമില്ലാതെ സാധ്യമല്ല എന്നു മാത്രമല്ല തങ്ങളുടെ തൊഴിലിടത്തിന്റെ യഥാർഥ അവസ്ഥ നേരിട്ടറിയുമ്പോൾ അവരുടെ ഉത്തരവാദിത്വബോധം വർധിക്കുകയും പരിപാലനദൗത്യം അവർ ഏറ്റെടുക്കുകയും അങ്ങിനെ ഭരണ നിർവഹണം ആയാസരഹിതമാവുകയും ചെയ്യും. കാരണം, ശക്തമായ ഭരണകൂടസാന്നിധ്യം ഇല്ലാതെ പൊതുവിഭവങ്ങളിലെ സുസ്ഥിര പരിപാലനം സാധ്യമല്ല എന്നതുതന്നെ.

**കൊച്ചിയിലെ കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനത്തിൽപ്രിൻസിപ്പൽ സയന്റിസ്റ്റാണ് ലേഖകൻ**

